പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6060 28.10.2011-ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ക്ഷേമ നിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഉപഭോക്തൃ ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ഉപഭോക്താക്കളിൽ അവരുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുക, ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക എന്നിവയാണ് ഉപഭോക്തൃ ക്ഷേമനിധിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) ഏതെല്ലാം സംഘടനകൾക്കാണ് ഈ ക്ഷേമനിധി വഴി സാമ്പത്തിക സഹായങ്ങൾ നല്കുന്നത്; | (ബി) താഴെപ്പറയുന്ന 5 സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്കാണ് ക്ഷേമനിധി വഴി സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്<br>1. ഫെഡറേഷൻ ഓഫ് കൺസ്യൂമർ ഓർഗനൈസേഷൻസ് കേരള, തൃശ്ശൂർ<br>2. ഇടുക്കി ഡിസ്ട്രിക്ട് കൺസ്യൂമേഴ്സ് വിജിലൻസ് ഫോറം, ഇടുക്കി.<br>3. കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ ഓഫ് പാലക്കാട്, പാലക്കാട്.<br>4. കൺസ്യൂമേഴ്സ് അസോസിയേഷൻ, പാലക്കാട്.<br>5. തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ സമിതി, തിരുവനന്തപുരം. |

| | |
|---|---|
| (സി) ഉപഭോക്തൃ പ്രസ്ഥാനത്തിന് പ്രോൽസാഹനകരമായ സന്നദ്ധപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | (സി) ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക, ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുക, ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉപഭോക്തൃ ക്ഷേമനിധി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ രൂപീകരണത്തോടെ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുവാനും, അതിലൂടെ ഉപഭോക്തൃ ബോധവൽക്കരണം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയുന്നുണ്ട്. മാത്രമല്ല, ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുകയും ടിവി ചാനലുകളിൽ ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് ഉപഭോക്താക്കളെ ബോധവല്ക്കരിക്കുന്നതിനുള്ള നടപടികൾ നേരിട്ട് നടത്തുന്നുമുണ്ട്. ഉപഭോക്തൃ ബോധവൽക്കരണത്തിനായി സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.<br><br>ഇതിനുപുറമെ സംസ്ഥാന ഉപഭോക്തൃ ക്ഷേമനിധിയുടെ സഹായത്തോടെ പാലക്കാട്, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഒരു ലക്ഷം രൂപാ വീതം അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് അതാതു ജില്ലാ കൗൺസിലുകൾ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു. മറ്റ് ജില്ലകളിലും ഇത്തരത്തിലുള്ള പ്രവർത്തനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ? | സംസ്ഥാന ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച ഘട്ടത്തിൽ (2006-2007)കേന്ദ്ര സഹായമായി 15 ലക്ഷം രൂപ സീഡ് മണിയായി ലഭിച്ചിട്ടുണ്ട്. അതിനുശേഷം ക്ഷേമനിധിയ്ക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ